**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** — **13-02-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന കോതമംഗലം-പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഫയൽ (നം. 2625007/എൻ.സി-ബി3/199/2023-ധന) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫയലിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനത്തിനായി എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി നിർവ്വഹണം ആരംഭിച്ച ഈ പ്രവൃത്തിയുടെ കരാറുകാരന് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന കാരണത്താൽ ടിയാനെ ഒഴിവാക്കിക്കൊണ്ട് അതുവരെ പൂർത്തിയാക്കിയ പ്രവർത്തിയുടെ ബിൽ തുക അനുവദിച്ചുനൽകിയശേഷം ഇനി പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവർത്തികളും ടാറിംഗിന് പകരം ഇൻറർലോക്കിംഗ് എന്നിവയും ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് പ്രത്യേകാനുമതിയാണ് ബഹു: എം എൽ എ നിലവിൽ ശിപാർശ ചെയ്തിരിക്കുന്നത്. സർക്കാർ ആവശ്യപ്പെട്ടപ്രകാരം ഈ വിഷയത്തിൽ തദ്ദേശഭരണ എൻജിനീയറിങ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ഇപ്പോൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടും ആസ്തിവികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങളും പരിശോധിച്ചുകൊണ്ട് ഈ വിഷയത്തിൽ തിരുമാനമെടുക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ പുരോഗതിയിലാണ്. |
| (ബി) | പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പുകൽപ്പിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോതമംഗലം നിയോജക മണ്ഡലത്തിലെ കോതമംഗലം പെരുമ്പൻകുത്ത് റോഡിലെ പുന്നേക്കാട് കവല വികസനത്തിനായി എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കി നിർവ്വഹണം ആരംഭിച്ച ഈ പ്രവൃത്തിയുടെ കരാറുകാരന് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന കാരണത്താൽ ടിയാനെ ഒഴിവാക്കിക്കൊണ്ട് അതുവരെ പൂർത്തിയാക്കിയ പ്രവർത്തിയുടെ ബിൽ തുക അനുവദിച്ചുനൽകിയശേഷം ഇനി പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവർത്തികളും |

| | | | |
|---|---|---|---|
| | | | ടാറിംഗിന് പകരം ഇൻറർലോക്കിംഗ് എന്നിവയും ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് പ്രത്യേകാനുമതിയാണ് ബഹു: എം എൽ എ നിലവിൽ ശിപാർശ ചെയ്തിരിക്കുന്നത്. സർക്കാർ ആവശ്യപ്പെട്ടപ്രകാരം ഈ വിഷയത്തിൽ തദ്ദേശഭരണ എൻജിനീയറിങ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ഇപ്പോൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടും ആസ്തിവികസന ഫണ്ടിന്റെ മാർഗ്ഗനിർദേശങ്ങളും പരിശോധിച്ചുകൊണ്ട് ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ